<u>പതിനാലാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2547** 09/03/2017-ൽ മറുപടിക്ക്

## ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | ചോദ്യം | മറുപടി |
| --- | --- | --- |
| (എ) | സംസ്ഥാനത്ത് ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ബോർഡ് എന്നാണ് നിലവിൽ വന്നത്; | 2006 ഒക്ടോബർ 31-ാം തീയതിയിലെ 2615/ലെഗ്. സി.2/2005/നിയമം നമ്പർ വിജ്ഞാപന പ്രകാരമാണ് നിലവിൽ വന്നത്. |
| (ബി) | ഈ സ്ഥാപനത്തിന്റെ സ്പെഷ്യൽ റൂൾ പ്രാബല്യത്തിലുണ്ടോ; ജീവനക്കാർക്ക് ഏത് ചട്ട പ്രകാരമാണ് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത്; | ഇല്ല; ഡെപ്യൂട്ടേഷൻ വഴി ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ മാതൃസ്ഥാപനത്തിലെ വേതന നിരക്കിലും, ദിവസവേതനക്കാർക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും ബഹു.ഹൈക്കോടതിയുടെ W.A.41/13 നമ്പർ കേസിലെ 03.06.2013-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ തുടരുന്ന 24 ജീവനക്കാർക്ക് 01.03.2011-ലെ ജി.ഒ (എം.എസ്) നം.42/2011/ തൊഴിൽ, 10/11/2016-ലെ ജി.ഒ (എം.എസ്) നം.177/2016/തൊഴിൽ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ശമ്പളം നൽകി വരുന്നു. |
| (സി) | ഈ സ്ഥാപനത്തിൽ ജീവനക്കാർ എല്ലാവരും സ്ഥിരം അടിസ്ഥാനത്തിൽ ജോലി ലഭിച്ചവരാണോ;<br>താല്ക്കാലികം, ഡെപ്യൂട്ടേഷൻ, സ്ഥിരം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെത്ര വീതമെന്ന് വിശദമാക്കാമോ; | അല്ല;<br>26 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, 12 പേർ ദിവസ വേതന നിരക്കിലും, 24 പേർ W.A.41/13-ൽ 03.06.2013-ലെ ബഹു.ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ താല്ക്കാലികമായും ജോലി ചെയ്തു വരുന്നു. |

| | | |
|---|---|---|
| (ഡി) | താല്ക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച എത്രപേരെ ഇതുവരെ സ്ഥിരപ്പെടുത്തി; ഏതു ചട്ടപ്രകാരം എന്ന് വിശദാംശം ലഭ്യമാക്കാമോ; | 01.03.2011-ലെ 42/2011/തൊഴിൽ നമ്പർ സർക്കാർ ഉത്തരവു പ്രകാരം ദിവസ വേതനക്കാരായ 26 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്, ഇതിൽ രണ്ടു പേർ പിരിഞ്ഞു പോയിട്ടുണ്ട്. എന്നാൽ, 11.11.2011-ലെ 172/2011/തൊഴിൽ നമ്പർ സർക്കാർ ഉത്തരവു പ്രകാരം പ്രസ്തുത നിയമനം റദ്ദു ചെയ്യുകയുണ്ടായെങ്കിലും, W.A.41/13-ൽ ബഹു. ഹൈക്കോടതിയുടെ 03.06.2013-ലെ ഉത്തരവ് അനുസരിച്ച്, സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ ഇവരെ തുടരാൻ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | താൽക്കാലിക ജീവനക്കാർക്ക് ഡി.എ തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ടോ; ഏത് ചട്ടപ്രകാരമെന്ന് വ്യക്തമാക്കാമോ; | ഉണ്ട്, W.A No.41/2013-ൽ 03.06.2013-ലെ ബഹു. ഹൈക്കോടതി ഉത്തരവു പ്രകാരം pre-revised scale-ൽ തുടരുന്ന 24 ജീവനക്കാർക്ക് പ്രസ്തുത സ്കെയിലിന് ആനുപാതികമായ ഡി.എ നൽകുന്നതിനും, കരാർ / ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പുതിയ നിരക്കിലുള്ള ദിവസ വേതനം നൽകുന്നതിനും 10.11.2016-ലെ 177/16/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | സ്പെഷ്യൽ റൂൾ രൂപപ്പെടുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ, വ്യക്തമാക്കാമോ? | സ്പെഷ്യൽ റൂൾ രൂപപ്പെടുത്താനുള്ള നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**